6394/എഫ്/2015/കെ.എസ്സ്.എച്ച്.ഒ 16..01..2016

# സർക്കുലർ

വിഷയം :- എൻ.യു.എൽ.എം -സ്വയംതൊഴിൽ പദ്ധതി (SEP), നിക്ഷേപബന്ധിത വായ്പകൾ - ഇന്ററസ്റ്റ് സബ്സിഡി അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 6701/എഫ്/13/കെഎസ്എച്ച്ഒ തീയതി 17.08.2015
2. 6701/എഫ്/13/കെഎസ്എച്ച്ഒ തീയതി 09.11.2015
3. 6394/ എഫ്/15/കെഎസ്എച്ച്ഒ തീയതി 17.12.2015

ദേശീയ നഗര ഉപജീവന മിഷന്റെ (എൻ.യു.എൽ.എം) ഭാഗമായി ദാരിദ്ര്യമനുഭവിക്കുന്ന നഗരദരിദ്രർക്ക് / സ്വയംസഹായ സംഘങ്ങൾക്ക് നിക്ഷേപബന്ധിത വായ്പകൾ ലഭ്യമാക്കുന്നതിനും താൽപ്പര്യപ്പെടുന്ന വ്യക്തികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള സഹായം ലഭ്യമാക്കണമെന്ന് മിഷൻ മാർഗ്ഗനിർദ്ദേശത്തിൽ അനുശാസിക്കുന്നുണ്ട്. ഇവർക്ക് ലിങ്കേജ് വായ്പയും പലിശ സബ്സിഡിയും അനുവദിക്കുന്നതിനെ സംബന്ധിച്ച് അധ്യായം 4 ൽ 4.12 ഉപഘടകം 3 ൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നഗരതലത്തിൽ സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശം സൂചന (1) ഉം സൂചന (2) ഉം പ്രകാരം നൽകിയിട്ടുണ്ട്.

നഗരങ്ങളിലെ പാവപ്പെട്ടവർക്ക് താങ്ങാവുന്ന നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനായി എസ്.എച്ച്.ജി.കളുടെ ബാങ്ക് വായ്പകൾക്ക് ബാങ്കുകളിലെ സമകാലീന വാർഷിക പലിശ നിരക്കും 7% വാർഷിക പലിശ നിരക്കും തമ്മിലുള്ള വ്യത്യാസം പലിശ സബ്സിഡിയായി നഗരസഭകൾ എൻ.യു.എൽ.എം ഫണ്ടിൽ നിന്നും നൽകേണ്ടതാണ്.

2015-16 സാമ്പത്തിക വർഷത്തിൽ ഇത്തരത്തിൽ നിക്ഷേപ ബന്ധിത വായ്പകൾ ലഭ്യമാക്കേണ്ട അയൽക്കൂട്ടങ്ങളുടെ എണ്ണവും വ്യക്തിഗത/ഗ്രൂപ്പ് സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള ടാർഗറ്റും മിനിസ്ട്രി ഓഫ് ഹൗസിംഗ് & അർബൻ പോവർട്ടി അലീവിയേഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത ടാർഗറ്റ്

ലക്ഷ്യത്തിലെത്തിക്കുന്നതിനായി ബാങ്കുകളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും എൻയുഎൽഎം സംസ്ഥാനതല ടാർഗറ്റ് പൂർത്തീകരിക്കുന്നതിനും എൻയുഎൽഎം മാർഗ്ഗനിർദ്ദേശം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ (എസ്.എൽ.ബി.സി) ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. എസ്.എൽ.ബി.സി നിശ്ചയിച്ചു നൽകിയ ടാർഗറ്റ് ബാങ്ക്/ബ്രാഞ്ച് അടിസ്ഥാനത്തിൽ വിഭജിച്ചു നൽകുകയും ആയത് എല്ലാ നഗരസഭകൾക്കും ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും, സിറ്റി മിഷൻ മാനേജർമാർക്കും നൽകുകയും ചെയ്തിട്ടുണ്ട്.

സ്വയംതൊഴിൽ സംരംഭങ്ങൾക്കും നിക്ഷേപബന്ധിത വായ്പകൾക്കും പലിശ സബ്സിഡി അനുവദിക്കുന്നതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഇതിനാൽ പുറപ്പെടുവിക്കുന്നു.

1. നഗരസഭകളിൽ ലഭ്യമാകുന്ന വ്യക്തിഗത/ഗ്രൂപ്പ് സംരംഭക അപേക്ഷകൾ സൂചന (1,2) പ്രകാരം നഗരതലത്തിൽ രൂപീകരിച്ചിട്ടുള്ള കർമ്മസേനയുടെ ശുപാർശയോടു കൂടി, കർമ്മസേന നിർദ്ദേശിക്കുന്ന ബാങ്കുകൾക്ക് കൈമാറേണ്ടതാണ്.

2. ബാങ്കുകൾ നിലവിലുള്ള വാർഷിക പലിശ നിരക്കനുസരിച്ച് സ്വയംസഹായ സംഘങ്ങൾക്ക് / സംരംഭ ഗ്രൂപ്പുകൾക്ക് വായ്പ അനുവദിക്കുകയും 7% ത്തിന് മുകളിലായി ബാങ്കുകൾ ഈടാക്കിയ പലിശ തുക, ഓരോ മൂന്നുമാസത്തിലും ബന്ധപ്പെട്ട ബാങ്കുകൾ കണക്കാക്കി നഗരസഭയ്ക്ക് കൈമാറേണ്ടതും, നഗരസഭ പ്രസ്തുത സബ്സിഡി പലിശ തുക പരിശോധിച്ച്, നഗരസഭകൾ എൻ.യു.എൽ.എം ഫണ്ടിൽ നിന്ന് ടി തുകകൾ ബാങ്കുകൾക്ക് കൈമാറേണ്ടതുമാണ്. സബ്സിഡി തുക ബാങ്കുകൾക്ക് ലഭിക്കുന്ന മുറയ്ക്ക് ബാങ്കുകൾ സംരംഭ ഗ്രൂപ്പുകളുടെ / ഗുണഭോക്താവിന്റെ അക്കൗണ്ടിൽ പ്രസ്തുത തുക നിക്ഷേപിക്കേണ്ടതാണ്.

3. ബാങ്കുകളിൽ നിന്നും ലഭിക്കുന്ന സബ്സിഡി സ്റ്റേറ്റ്മെന്റ് ത്രൈമാസ അടിസ്ഥാനത്തിൽ കണക്കാക്കുന്നതിനുള്ള ഉത്തരവാദിത്വം സിറ്റി

പ്രോജക്ട് ഓഫീസർക്കാണ്. ആയതിന് സിറ്റിമിഷൻ മാനേജർമാരുടെ സഹായം തേടാവുന്നതാണ്. ഇപ്രകാരം കുറ്റമറ്റതാക്കിയ ഇന്ററസ്റ്റ് സബ്സിഡി ക്ലെയിം സ്റ്റേറ്റ്മെന്റുകൾ പ്രകാരമുള്ള തുക ത്രൈമാസ അടിസ്ഥാനത്തിൽ കൃത്യസമയത്ത് ബാങ്കുകൾക്ക് കൈമാറേണ്ടതും, ആയതിന്റെ റിപ്പോർട്ട് സംസ്ഥാന മിഷന് ലഭ്യമാക്കേണ്ടതുമാണ്.

4. ഒരു സാമ്പത്തിക വർഷത്തേയ്ക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കും / നിക്ഷേപബന്ധിത വായ്പകൾക്കും വേണ്ടിവരുന്ന പലിശ സബ്സിഡി തുക ബന്ധപ്പെട്ട നഗരസഭകൾ മുൻകൂട്ടി നിർണ്ണയിച്ച് അതിന്റെ 50% തുക സംസ്ഥാന മിഷനിൽ നിന്നും മുൻകൂറായി ലഭ്യമാക്കേണ്ടതും ത്രൈമാസ അടിസ്ഥാനത്തിൽ നഗരസഭകൾ ബാങ്കുകളുടെ ക്ലെയിമിന്റെ അടിസ്ഥാനത്തിൽ തുക ബാങ്കുകൾക്ക് നൽകേണ്ടതുമാണ്. ഇപ്രകാരം ലഭ്യമാകുന്ന തുകയുടെ 75% ചെലവഴിക്കുന്ന മുറയ്ക്ക് സംസ്ഥാന മിഷനിൽ നിന്നും ബാക്കി തുക വാങ്ങാവുന്നതാണ്. ഇതിനായി ചെലവഴിച്ച തുകയും വിശദ വിവരങ്ങളും സംസ്ഥാന മിഷന് സമർപ്പിക്കേണ്ടതാണ്. സംസ്ഥാന മിഷൻ സബ്സിഡി തുക ജില്ലാ മിഷൻ വഴി അനുവദിക്കുന്നതാണ്.

5. പലിശ സബ്സിഡി അനുവദിച്ചു നൽകിയതിന്റെ റിപ്പോർട്ട് ഓരോ സാമ്പത്തിക വർഷവും നഗരസഭ കുടുംബശ്രീ സംസ്ഥാന മിഷനിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഡിസംബർ മാസത്തിൽ അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് നിർദ്ദേശിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണവും (വ്യക്തിഗതം/ഗ്രൂപ്പ്/അയൽക്കൂട്ടം) ആയതിനാവശ്യമായ പലിശ സബ്സിഡിയും മുൻവർഷത്തെ വായ്പകൾക്കുള്ള പലിശ സബ്സിഡിയും ഉൾക്കൊള്ളിച്ച് അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് സംസ്ഥാന മിഷന് നൽകേണ്ടതാണ്. ഇത് എൻയുഎൽഎം ന്റെ അടുത്ത വർഷത്തെ ആക്ഷൻപ്ലാനിൽ എസ്.ഇ.പി ഘടകത്തിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

6. വായ്പ കൃത്യസമയത്ത് തിരിച്ചടയ്ക്കുന്ന എല്ലാ വനിതാ സ്വയംസഹായ സംഘങ്ങൾക്കും 7% നിരക്കിൽ നിന്നും അധികമായി

3% പലിശ കിഴിവ് അനുവദിക്കാവുന്നതാണ്. (ഉപഘടകം 4.1.2–4.12.5). വായ്പാതിരിച്ചടവ് പട്ടിക അനുസരിച്ച് കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന സ്വയംസഹായ സംഘങ്ങളുടെ പട്ടിക ബാങ്കിൽ നിന്നും ശേഖരിച്ച് 3% പലിശ കിഴിവ് കണക്കാക്കി ആയത് സ്വയംസഹായ സംഘങ്ങളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകേണ്ടതാണ്. പ്രസ്തുത പട്ടിക ബാങ്കിൽ നിന്നും ശേഖരിച്ച് നഗരസഭയിൽ ലഭ്യമാക്കി അധിക സബ്സിഡി കണക്കാക്കി നൽകുന്നതിനുള്ള ഉത്തരവാദിത്വം സിറ്റി പ്രോജക്ട് ഓഫീസർക്കാണ്. അധിക 3% പലിശ കിഴിവിനുള്ള തുകയും വാർഷിക അടിസ്ഥാനത്തിൽ കണക്കാക്കി ആയതിനുള്ള തുക സംസ്ഥാന മിഷനിൽ നിന്നും മുൻകൂറായി നഗരസഭകൾ ലഭ്യമാക്കേണ്ടതാണ്. 50% തുക മുൻകൂറായി വാർഷിക അടിസ്ഥാനത്തിൽ ലഭിക്കുന്നതും തുടർന്ന് 75% തുക വിനിയോഗിക്കുന്ന മുറയ്ക്ക് ബാക്കി 50% തുക സംസ്ഥാനമിഷനിൽ നിന്നും ലഭിക്കുന്നതുമാണ്.

7. നിക്ഷേപ ബന്ധിത വായ്പകൾ സമയബന്ധിതമായി തിരിച്ചടയ്ക്കുന്ന അയൽക്കൂട്ടങ്ങൾക്ക് വീണ്ടും വായ്പ എടുക്കാവുന്നതും, അതിന് പലിശ സബ്സിഡി നൽകാവുന്നതുമാണ്. ഒരയൽക്കൂട്ടത്തിന് ത്രിഫ്റ്റിന്റെ നാലിരട്ടി വരെ തുക ഇത്തരത്തിൽ വായ്പയായി ലഭിക്കാവുന്നതാണ്. കൃത്യമായ പണമിടപാടുകൾ നടത്തി വിശ്വാസമാർജ്ജിച്ച സംഘങ്ങൾക്ക്, ബാങ്കുകൾ അംഗീകരിക്കുന്ന പക്ഷം മുകളിൽ സൂചിപ്പിച്ചതിലും കൂടുതൽ തുക ലഭിക്കുന്നതാണ്.

8. പലിശ സബ്സിഡിയായി നൽകുന്ന തുക നഗരസഭ എൻയുഎൽഎം ന്റെ 'Self Employment Programme 3.1-3.3' ഹെഡ്ഡിൽ ചെലവായി രേഖപ്പെടുത്തേണ്ടതാണ്.

9. സംസ്ഥാന മിഷന് കൈമാറുന്ന എല്ലാ റിപ്പോർട്ടുകളുടെയും പകർപ്പ് ജില്ലാ മിഷന് നൽകേണ്ടതാണ്. നഗരസഭകൾക്കാവശ്യമായി വരുന്ന തുകകൾ സംസ്ഥാന മിഷൻ, ജില്ലാ മിഷന് നൽകുന്നതും ജില്ലാ മിഷനിൽ നിന്നും നഗരസഭകൾ തുക കൈപ്പറ്റി, ആവശ്യാനുസരണം നടപടിക്രമം പാലിച്ച് തുക വിനിയോഗിക്കേണ്ടതുമാണ്. വായ്പ

എടുക്കുന്ന വ്യക്തി/ഗ്രൂപ്പ്/സംഘങ്ങളെ സംബന്ധിച്ച പൂർണ്ണ വിവരം (പേര്, ലോൺ തുക, ബാങ്ക്, സംരംഭത്തിന്റെ പേര്, തിരിച്ചടവ് കാലയളവ്, പലിശ സബ്സിഡി വിവരങ്ങൾ തുടങ്ങിയവ) സിറ്റി പ്രോജക്ട് ഓഫീസർ സൂക്ഷിക്കേണ്ടതാണ്. ആയത് കാലികമായും കൃത്യമായും സൂക്ഷിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതും ടി ആവശ്യങ്ങൾക്ക് സിറ്റി മിഷൻ മാനേജരുടെ സേവനം വിനിയോഗിക്കേണ്ടതുമാണ്. പ്രസ്തുത രേഖകൾ വിവിധ ഓഡിറ്റുകൾക്കു വിധേയമാക്കുന്നതാണ്. ഫണ്ടിന്റെ ദുർവിനിയോഗം, കണക്കു സൂക്ഷിക്കാതിരിക്കുക എന്നിവയ്ക്ക് പ്രാഥമികമായി സി.പി.ഒ.യും മേൽനോട്ടക്കുറവിന് നഗരസഭാ സെക്രട്ടറിയും ഉത്തരവാദിയായിരിക്കുന്നതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

To,
എല്ലാ നഗരസഭാ ചെയർമാൻമാർക്കും/ കോർപ്പറേഷൻ മേയർമാർക്കും
എല്ലാ നഗരസഭ സെക്രട്ടറിമാർക്കും/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
എല്ലാ സിറ്റി പ്രോജക്ട് ഓഫീസർമാർക്കും

പകർപ്പ്
എല്ലാ സിഡിഎസ് പ്രസിഡന്റ്മാർക്കും
എല്ലാ സിറ്റി മിഷൻ മാനേജർമാർക്കും

കരുതൽ ശേഖരം
ബന്ധപ്പെട്ട ഫയൽ

**അംഗീകാരത്തോടെ,**

**പ്രോഗ്രാം ഓഫീസർ (അർബൻ)**